**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഇടക്കുറിശി-കേരളമേട് റോഡ് നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശിരുവാണി ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട ഇടക്കുറിശി-കേരളമേട് റോഡ് നവീകരണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; വിശദമാക്കുമോ? | (എ) | ഇടക്കുറിശ്ശി മുതൽ കേരളമേട് വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തികൾക്കും, കാലവർഷക്കെടുതി പരിഹരിക്കുന്ന പ്രവൃത്തികൾക്കും, അരികുഭിത്തി നിർമ്മാണത്തിനും, 29 - ാം ജെ.സി.ബി യിലെ Spill Over ലും, പുതിയ പ്രൊപ്പോസലിലുമായി 29.7989 കോടി രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ ഇടക്കുറിശ്ശി മുതൽ ഇഞ്ചിക്കുന്ന് വരെ (0/000 Km to 12/350 Km) ഉള്ള റോഡ്, അരികുഭിത്തി നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കേരളമേട് വരെയുള്ള റോഡിന്റെ താത്കാലിക അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇഞ്ചിക്കുന്ന് മുതൽ കേരളമേട് വരെയുള്ള (12/350 Km മുതൽ 28/600 Km വരെ) അരികുഭിത്തിയുടെ നവീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ ഡിസൈന്റെ അടിസ്ഥാനത്തിൽ റോഡിന്റെയും അരികുഭിത്തിയുടെയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ